LIBRARY ARCHIVES Kerala Legislative Assembly

## പൊന്നാനി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം

229(3115) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി സബ് രജിസ്ട്രാർ ഓഫീസ് വർഷങ്ങളായി യാതൊരു സൗകര്യവുമില്ലാതെ പ്രവർത്തിക്കുന്നതുമൂലം പൊതുജനത്തിന് അനുഭവപ്പെടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സിവിൽ സ്റ്റേഷനിലേക്കോ അല്ലെങ്കിൽ ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടത്തിലെ ഗ്രൗണ്ട് ഫ്ലോറിൽ മറ്റേതെങ്കിലും സ്ഥലത്തേക്കോ സ്ഥിരം സംവിധാനത്തോടെ മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പുതിയ കെട്ടിട നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും കെട്ടിട നിർമ്മാണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സിവിൽ സ്റ്റേഷനിൽ സ്ഥലം ലഭ്യമാക്കുന്നതിനായി ശ്രമം നടത്തിയിരുന്നുവെങ്കിലും സ്ഥലം ലഭിച്ചിരുന്നില്ല. ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോറിലും സ്ഥലം ലഭ്യമല്ല. ടി ആഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്നതിനുള്ള ശ്രമം നടന്നുവരുന്നു.

(സി) 2015-16 ബഡ്ജറ്റിൽ പുതിയ കെട്ടിട നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടില്ല.

## ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് പുനർ നിർമ്മാണം

230(3116) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് പുനർ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സർക്കാരിന് ആരിൽ നിന്നെല്ലാം നിവേദനം ലഭിച്ചിട്ടുണ്ട്, പ്രസ്തുത നിവേദനത്തിൽ ഓരോന്നിലും സ്വീകരിച്ചിട്ടുള്ള നടപടികൾ ബന്ധപ്പെട്ട ഫയൽ നമ്പർ സഹിതം വിശദമാക്കാമോ;

(ബി) ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് പുനർ നിർമ്മിക്കുന്നതിനുള്ള നടപടികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?